**Talented Bankers Literary Panel - പുസ്തകപരിചയം 63**

പരിചയപ്പെടുത്തുന്നത്
അമിത് കുമാർ
ഫെഡറൽ ബാങ്ക്
സോണൽ ഓഫീസ്
കോട്ടയം.

## ഐൻസ്റ്റീന്റെ തലച്ചോർ
## ലേഖനങ്ങൾ

ഇത്തവണ സാഹിത്യ- ദാർശനിക കൃതികളിൽ നിന്ന് ഒന്നു മാറ്റിപ്പിടിക്കാമെന്നു വച്ചു.

തലക്കെട്ടു കണ്ട് ഏതോ ഉത്തരാധുനികാനന്തര കഥാസമാഹാരമെന്നു തെറ്റുധരിക്കണ്ട, ശുദ്ധ സയൻസാണ് ഡോ. മനോജ് വെള്ളനാട് എഴുതിയ "ഐൻസ്റ്റീന്റെ തലച്ചോർ".

ശുദ്ധ സയൻസ് എന്നു കേട്ടപ്പോൾ ചിലരെങ്കിലും ഭയന്നു കാണും. പ്രതിപാദ്യ വിഷയം കടുകട്ടിയായിരിക്കില്ലേ എന്നാവാം സംശയം.

എന്നാൽ, ശുദ്ധ എന്നു പ്രയോഗിച്ചത് കലർപ്പില്ലാത്ത എന്ന അർത്ഥത്തിലാണ്. അതായത്, ആൽമരത്തിനടിയിലെ ഓസോൺ പ്രവാഹമോ പൊങ്കാലപ്പുകയുടെ പവിത്രതയോ ഒക്കെ പോലത്തെ കൊടുംകപടമായ സൃഷ്ടികൾ 'ശാസ്ത്രീയ' അറിവുകൾ എന്ന മട്ടിൽ വാട്ട്സപ്പുകളിൽ പ്രചരിപ്പിക്കുന്ന കാലത്ത്, ശുദ്ധസയൻസ് എന്നു തന്നെ പ്രയോഗിച്ചേ മതിയാവൂ എന്ന തീരുമാനത്തിൽ നിന്നാണ് ഞാനങ്ങനെ പ്രയോഗിക്കുന്നത്.

കലർപ്പില്ലാത്ത സയൻസിനെപ്പറ്റി ലളിതമായ ഭാഷയിൽ എഴുതിയ 18 ചെറുലേഖനങ്ങളാണ് 'തലച്ചോറി'ലുള്ളത്.

പ്രാഥമിക വിദ്യാഭ്യാസമുള്ള ആർക്കും മനസിലാക്കാവുന്ന വിധത്തിലാണ് അൽപം ഗഹനമെന്നു പറയാവുന്ന ( എന്നെ സംബന്ധിച്ച് ഗഹനമായ 😀 ) ക്യാൻസർ ചികിത്സ, പ്രണയത്തിന്റെ ജീവ ശാസ്ത്രം, ടെസ്റ്റ് റ്റ്യൂബ് ഗർഭധാരണം തുടങ്ങിയവയൊക്കെ വിവരിച്ചിരിക്കുന്നത്.

എന്നാൽ ഇതിനെക്കാളൊക്കെ എനിക്കിഷ്ടപ്പെട്ടത് സയന്റിഫിക് ടെമ്പർ അഥവാ ശാസ്ത്രവബോധം എന്ന സംജ്ഞയിൽ നിന്നു തന്നെ പുസ്തകം തുടങ്ങിയതിലാണ്. ശാസ്ത്രജ്ഞനല്ലാത്ത, എന്നാൽ രാഷ്ട്രീയക്കാരനായ ഒരു ഇന്ത്യക്കാരന്റെ സംഭാവനയാണ് ഈ പദം എന്നതിനെപ്പറ്റി പറഞ്ഞാണ് പുസ്തകം തുടങ്ങുന്നത്.

(അതിരിക്കട്ടെ, ഈ സംഭാവന നടത്തിയ ആൾ ആരെന്നു കമന്റാമോ? ഗൂഗിൾ ചെയ്യാതെ വേണം കമന്റാൻ. ആർക്കൊക്കെ ശരിയുത്തരം അറിയാമെന്നു കാണട്ടെ)

ഇടംകൈക്കാർക്ക് അപാര ബുദ്ധിയാണോ, ചുംബിക്കാനല്ലാതെ ചുണ്ടുകൾ എന്തിനു കൊള്ളാം, പ്രകൃതിക്കാർ പറയും പോലെ പനി ചികിത്സിക്കാൻ പാടില്ലേ, അമർചിത്രകഥയ്ക്ക് പുറത്ത് ഇന്ത്യൻ സയൻസ് ഉണ്ടോ തുടങ്ങി നിരവധി വിഷയങ്ങളാണ് സായൻസികമായി എന്നാൽ രസകരമായി പറഞ്ഞു പോവുന്നത്. (പക്ഷിശാസ്ത്രം, ഹസ്തരേഖാശാസ്ത്രം തുടങ്ങി ലൈക്കാകർഷണയന്ത്രത്തിന് ആധാരമായ ലൈക്കീക ശാസ്ത്രം വരെയുള്ളവയെ ശാസ്ത്രം എന്നു വിളിച്ച് വ്യഭിചരിച്ച് നശിപ്പിച്ചിരിക്കുന്നതിനാൽ ഇനി മുതൽ ശാസ്ത്രം എന്നതിനു പകരം ഞാൻ സയൻസ് എന്നേ ഉപയോഗിക്കൂ. അതുപോലെ, ശാസ്ത്രീയം എന്നതു മാറ്റി സായൻസികം എന്നങ്ങു മലയാളീകരിച്ചു. കുഴപ്പമില്ലല്ലോ?)

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർജറി വിഭാഗത്തിൽ ജോലി ചെയ്യുന്ന ഡോ. മനോജ് വെള്ളനാട്, നിരവധി പുരസ്കാരങ്ങൾ ലഭിച്ച കഥാകാരൻ കൂടിയാണ്. സമൂഹത്തിൽ ശാസ്ത്രവബോധം വളർത്താനും വ്യാജ ചികിത്സകൾക്കെതിരെ ശബ്ദിക്കാനുമായി രൂപം കൊടുത്ത ഡോക്ടർമാരുടെ കൂട്ടായ്മയായ 'ഇൻഫോ ക്ലിനിക്കി'ന്റേയും ഭാഗമാണ്.

പ്രസാധകർ : സൂചിക ബുക്സ്
വില: 100 രൂപ.